**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1725** **20-06-2024 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ നിയോജകമണ്ഡലത്തിലെ കോൾ, നോൺ കോൾ മേഖലയിലെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ കോൾ, നോൺ കോൾ മേഖലയിൽ കാർഷിക വികസനവുമായി ബന്ധപ്പെട്ട് കൃഷിവകുപ്പ് ഏതൊക്കെ പ്രൊപ്പോസലുകളാണ് തയ്യാറാക്കിയിട്ടുള്ളതെന്നും ആയതിന്റെ നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ? | (എ) | ഗുരുവായൂർ മണ്ഡലത്തിലെ കോൾ, നോൺ കോൾ മേഖലയിൽ കാർഷിക വികസനവുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തി കളുടെയും തയ്യാറാക്കിയിട്ടുള്ള പ്രൊപ്പോസലുകളുടെയും നിലവിലെ പുരോഗതി അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## എ. കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

**ആർ.കെ.ഐ. പദ്ധതി**

| **ഏജൻസി** | **ഘടകങ്ങൾ** | **ലക്ഷ്യം** | **പൂർത്തീകരിച്ചത്** |
|---|---|---|---|
| കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 50 എച്ച്.പി സബ് മേഴ്സിബിൾ മോട്ടോർ പമ്പ് സെറ്റ് | 2 എണ്ണം | 1 എണ്ണം |
| | 60 എച്ച്.പി സബ് മേഴ്സിബിൾ മോട്ടോർ പമ്പ് സെറ്റ് | 1 എണ്ണം | 1 എണ്ണം |
| | 30 എച്ച്.പി സബ് മേഴ്സിബിൾ മോട്ടോർ പമ്പ് സെറ്റ് | 7 എണ്ണം | 3 എണ്ണം |
| കെഎസ്.ഇ.ബി | 100 കെ. വി.എ. ട്രാൻസ്ഫോർമർ | 3 എണ്ണം | 3 എണ്ണം |
| | 11 കെ.വി. ലൈൻ | 400 മീറ്റർ | 400 മീറ്റർ |

ഗുരുവായൂർ മണ്ഡലത്തിലെ നെൽ കൃഷി മേഖലയിലെ അടിസ്ഥാനവികസനവുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ 09.05.2024 തീയതിയിൽ കൃഷി വകുപ്പിന്റെയും അനുബന്ധ വകുപ്പിന്റെയും ഉദ്യോഗസ്ഥരുടെ യോഗത്തിൽ ലഭിച്ച നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ കോൾ മേഖലയിലെ നിർദേശങ്ങൾ കെ.എൽ.ഡി.സി.യ്ക്കും നോൺ കോൾ മേഖലയിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും വന്നിട്ടുള്ള നിർദേശങ്ങൾ പഞ്ചായത്തുകൾക്കും പ്രൊജക്ട് പ്രൊപ്പോസൽ തയ്യാറാക്കുന്നതിനായി നൽകിയിട്ടുണ്ട്.

## ബി. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടുന്ന കുട്ടാടൻ പാടശേഖരത്തിൽ ഏകദേശം 80 ഹെക്ടർ പ്രദേശത്തെ കർഷകർക്ക് പ്രയോജനം ലഭിക്കുന്നതിനായി വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി 113 ലക്ഷം രൂപയുടെ പ്രൊപ്പോസൽ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

## സി. കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ

## ഗുരുവായൂർ നിയോജകമണ്ഡലം

**ആർ.കെ.ഐ. പദ്ധതി ഫേസ് – I**

| ഘടകങ്ങൾ | ലക്ഷ്യം | പൂർത്തീകരിച്ചത് | ബാലൻസ് |
|---|---|---|---|
| 1. എഞ്ചിൻഷെഡ് | 7 എണ്ണം | 6 എണ്ണം | 1 എണ്ണം |
| 2. ഉൾചാലുകളുടെ ആഴം കൂട്ടൽ | 3270 മീറ്റർ | 3270 മീറ്റർ | |
| 3. കിട | 13 എണ്ണം | 11 എണ്ണം | 2 എണ്ണം |
| 4. റാമ്പ് | 6 എണ്ണം | 6 എണ്ണം | |
| 5. ഫാം റോഡ് | 500 മീറ്റർ | 500 മീറ്റർ | |

**ആർ.കെ.ഐ. പദ്ധതി ഫേസ് – II**

| ഘടകങ്ങൾ | ലക്ഷ്യം | പൂർത്തീകരിച്ചത് | ബാലൻസ് |
|---|---|---|---|
| 1. എഞ്ചിൻഷെഡ് | 1 എണ്ണം | – | 1 എണ്ണം |
| 2. എഞ്ചിൻതറ | 2 എണ്ണം | – | 2 എണ്ണം |
| 3. വി.സി.ബി | 1 എണ്ണം | – | 1 എണ്ണം |
| 4. ഉൾചാലിന്റെ ആഴംകൂട്ടൽ | 6882.5 മീറ്റർ | 6882.5 മീറ്റർ | |
| 5. ബണ്ട് രൂപീകരണം | 945 മീറ്റർ | | പുരോഗമിച്ചു വരുന്നു. |

ഗുരുവായൂർ നിയോജക മണ്ഡലത്തിൽ നോൺ കോൾ മേഖലയിൽ ഉൾപ്പെടുന്ന ചെറംകുളം, പെരുമ്പിൽ ചിറ, എസ്.ആർ.ഒ. പൊതുകുളം, എലിയങ്ങാട്ട് ചിറ, മുക്കാനി കുളം, ഇല്ലത്ത് കുളം എന്നീ കുളങ്ങളുടെ നവീകരണത്തിനായി 757.95 ലക്ഷം രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി ആർ.ഐ.ഡി.എഫ്. 30 സ്കീമിന്റെ പരിഗണനയ്ക്കായി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ